# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5560** 2-11-2016 -ൽ **മറുപടിക്ക്**

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വൈദ്യുതി മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

| | ചോദ്യം<br>ശ്രീ. കെ. ദാസൻ : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br><br><br><br><br><br>(ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലാകെ വൈദ്യുതി മേഖലയിൽ നിലവിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പ്രശ്നങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ; കണ്ടെത്തിയ പ്രശ്നങ്ങളിൽ വികസനമുണ്ടാവേണ്ട മേഖലകൾ/ഘടകങ്ങൾ എന്തെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;<br><br><br><br><br>പ്രസ്തുത പ്രശ്നങ്ങൾക്ക് എന്തെല്ലാമാണ് പരിഹാര നടപടികൾ; ഇവ പരിഹരിക്കാൻ ഘട്ടം ഘട്ടമായി എന്തെല്ലാം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഉണ്ട്. നിലവിൽ കൊയിലാണ്ടി നഗരസഭ പരിധിയിലെ വൈദ്യുതി ആവശ്യങ്ങൾക്കായി 110 കെ.വി സബ് സ്റ്റേഷൻ കണ്ണൂരിൽ നിന്നും ആരംഭിക്കുന്ന 11 കെ.വി കൊയിലാണ്ടി ഫീഡർ ആണ് ഉപയോഗിക്കുന്നത്. പ്രസ്തുത ഫീഡർ ചെങ്ങോട്ട്കാവ്, ചിങ്ങപുരം, നന്തി ഫീഡറുകളുടെ പോസ്റ്റിൽ കൂടെ സമാന്തരമായി 4.2 കി.മീ ദൈർഘ്യത്തിൽ നിർമ്മിക്കപ്പെട്ടതാണ്. ഇതു കാരണം മറ്റ ഫീഡറുകളിൽ അനുഭവപ്പെടുന്ന വൈദ്യുത തടസ്സം കൊയിലാണ്ടി ടൗണിനെയും ബാധിക്കുന്നു. ഇതു പരിഹരിക്കുന്നതിനായി 110 കെ.വി സബ് സ്റ്റേഷനിൽ നിന്നും കൊയിലാണ്ടി ടൗണിലേക്ക് മാത്രമായി അണ്ടർഗ്രൗണ്ട് കേബിൾ നിർമ്മാണത്തിനുള്ള പ്രവൃത്തി 2016-17 പ്ലാനിൽപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനായിട്ടുള്ള നടപടികൾ പുരോഗമിക്കുകയാണ്. നന്തി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർ ലിങ്കിംഗ് പ്രവർത്തി പൂർത്തിയാക്കുന്നതിന് റെയിൽവെയുടെ അനുമതി ആവശ്യമായുണ്ട്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുകയാണ്. റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവർത്തി പൂർത്തീകരിക്കുന്നതാണ്.<br>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രസരണ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കാനായി നിലവിലുള്ള 110 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ, ഡബിൾ സർക്യൂട്ട് ലൈൻ ആക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ, റെയിൽവെ ലൈനിന് മറുവശത്ത് ഒരു പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിനുള്ള റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സാധ്യതാപഠന പ്രകാരം ആവശ്യമെന്നു കണ്ടാൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (സി)<br><br><br><br><br><br><br><br><br><br><br><br><br>(ഡി) | കോഴിക്കോട് കളക്ടേറ്റിൽ ബഹു.മന്ത്രി ഈ വിഷയത്തിൽ പ്രത്യേകമായി വിളിച്ചു ചേർത്ത യോഗത്തിൽ എം.എൽ.എ സമർപ്പിച്ച വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനത്തിൽ എന്തെങ്കിലും ചർച്ചകളോ പരിശോധനയോ നടന്നിട്ടുണ്ടോ; വിശദമാക്കാമോ;<br><br><br><br><br><br><br>പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ? | (സി)<br>&<br>(ഡി) | ഉണ്ട്. കൊയിലാണ്ടി മുൻസിപ്പൽ ഏരിയയിലെ വൈദ്യുത തടസ്സം, മുൻസിപ്പൽ ഏരിയ കേന്ദ്രമാക്കി സബ് സ്റ്റേഷൻ നിർമ്മാണം, കൊയിലാണ്ടി കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരണം (ഓഫീസ് കെട്ടിടം ഉൾപ്പെടെ), കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം എന്നീ ആവശ്യങ്ങളായിരുന്നു നിവേദനത്തിൽ ഉന്നയിച്ചിരുന്നത്. ഇതിൽ കൊയിലാണ്ടി കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നു വരുന്നു. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കൊയിലാണ്ടി സൗത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല.<br>പ്രസരണ മേഖലയുമായി ബന്ധപ്പെട്ട് ഉയർന്ന പ്രധാന ആവശ്യം കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനടുത്ത് ഒരു സബ് സ്റ്റേഷൻ നിർമ്മിക്കുക എന്നതായിരുന്നു. പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടിട്ടുണ്ട്. |

Kemalekha

**സെക്ഷൻ ഓഫീസർ**